	ഗ്രേണയബാങ്കു്	രൂപ	ന. പൈസ
എറണാകുളം	,,	26,313	00
കൊച്ചി (തൃശ്ശൂർ)	,,	2,86,234	33
പാലക്കാടു്	,,	2,48,277	00
പെരിന്തൽമണ്ണ	,,	34,500	00
കോഴിക്കോടു്	,,	2,74,124	50
തലശ്ശേരി	,,	1,38,025	00
വയനാടു് (പനമരം)	,,	1,57,100	00
കാസർകോടു്	,,	2,14,461	75

(ബി) വായ്പാപേക്ഷയ്ക്കുവേണ്ടി എല്ലാനടപടികളും പൂർത്തിയായതിനു ശേഷം വായ്പകൊടുക്കുവാൻ സാധിക്കാതെ വന്നിട്ടുള്ള യാതൊരു സംഭവവും ശ്രദ്ധയിൽ വന്നിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. രവീന്ദ്രനാഥ് : ഏററവും കുറഞ്ഞ തുക കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ കൂടുതൽ സംഖ്യ വായ്പ കൊടുക്കുവാൻ ഗവണ്മെൻറു നടപടി എടുക്കുമോ?

ശ്രീ. ഈ. പി. പൗലോസു് : അവിടെ പ്രോസസ് ചെയ്യുകഴിഞ്ഞിരിക്കുന്ന വായ്പാപേക്ഷകളും എല്ലാം പൂർത്തിയാക്കുവാൻ സെൻട്രൽ ബാങ്കിലേക്കു അയച്ചു കൊടുത്തിട്ടുണ്ടെന്നാണു് പറയുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: പണം കൊടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനു് എന്തെങ്കിലും നടപടിയെടുക്കുവാൻ ആലോചിക്കുന്നുണ്ടോ? ഈയിടെ ഒരു കാൺഫറൻസുകൂടി ഇതെസംബന്ധിച്ചു ചില ആലോചനകളെല്ലാം നടത്തുകയുണ്ടായി. അതിൻെറ ഫലമായിട്ടു കാലതാമസം ഒഴിവാക്കുന്നതിനു് ഫലപ്രദമായ എന്തെങ്കിലും മാർഗ്ഗം സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. ഈ. പി. പൗലോസു് : വളരെ കുഴപ്പങ്ങളുള്ള ഒരു വസ്തുവാണു് വായ്പയ്ക്കു് ജാമ്യം കൊടുക്കുന്നെങ്കിൽ അതിൻെറ ബാദ്ധ്യത തിട്ടപ്പെടുത്തുവാൻ കുറെ താമസം വേണ്ടിവരും. അതിനും പുറമേ ലീഗൽ അഡ്വൈസു് മുതലായതും എടുക്കേണ്ടതുണ്ടു്. അതെല്ലാം കഴിഞ്ഞിട്ടുവേണം പണം കൊടുക്കുവാൻ. വസ്തു ജാമ്യമായി കൊടുക്കുന്ന കേസ്സുകളിൽ കുറെ താമസം വേണ്ടിവരും.

ശ്രീ. കെ. ആർ. വിജയൻ : പ്രൈമറി ഗ്രേണയബാങ്കിൽനിന്നു് അപേക്ഷകളും ശരിയാംവണ്ണം പരിശോധിച്ചതിനുശേഷം സെൻട്രൽബാങ്കിലേയ്ക്കു് അയച്ചിട്ടു് വായ്പ അനുവദിക്കുന്നതിനു വളരെയധികം കാലതാമസം വരുന്നുണ്ടു്. അതുകൊണ്ടാണു് ചില ബാങ്കുകളിൽ വായ്പ കൊടുക്കുന്നതിനു കാലതാമസം വരുന്നതു്. ഈ കാലതാമസം ഒഴിവാക്കുവാൻ എന്തെങ്കിലും നിർദ്ദേശം കൊടുക്കുമോ ?

ശ്രീ. ഈ. പി. പൗലോസു് : കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ സാമാന്യമായി കൊടുത്തിട്ടുള്ള നിർദ്ദേശം ഒരു അപേക്ഷ കിട്ടിയാൽ മൂന്നുമാസത്തിനുള്ളിൽ അല്ലെങ്കിൽ ആറുമാസത്തിനകം കൊടുക്കണമെന്നാണു്.

കല്ലാർ പട്ടം കോളനി

* 298. [11] ശ്രീ. എൻ. ഗോപാലകുറുപ്പു് † : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലാർ പട്ടം കോളനിയിലെ താമസക്കാർക്കു് അവരുടെ ഭൂമിപതിച്ചുകൊടുത്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അവരുടെ കൈവശഭൂമി പതിച്ചുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

† Put by shri P. K. Kunjachan.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോളനിയിൽ ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങൾക്ക് ന്യായമായ വിലകിട്ടാനും നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭിക്കുവാനും സൗകര്യപ്പെടുത്തിക്കൊണ്ട് ഒരു മാർക്കറ്റിംഗ് കോവാപ്പറേറ്റീവ് സൊസൈറ്റിയും കൺസ്യൂമേഴ്സ് സൊസൈറ്റിയും ഉണ്ടാക്കി പ്രവർത്തിപ്പിക്കുന്നതിന് ഗവണ്മെന്റ് മുൻകൈ എടുക്കുമോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു):

(എ) ഇല്ല; ഇക്കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

(ബി) ആവശ്യമുണ്ടെന്നു തോന്നുന്നപക്ഷം ഈ കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ഈ കോളനി ഓപ്പൺ ചെയ്തിട്ട് വളരെ നാളായി. അവർക്ക് അവരുടെ ഭൂമി പതിച്ചുകൊടുത്തു പട്ടയം കൊടുക്കാതിരിക്കുന്നതു് അവരെ അവിടെനിന്നു ഒരുകാലത്തു് ഇറക്കി വിടേണ്ടിവരികയാണെങ്കിൽ നഷ്ടപരിഹാരം കൊടുക്കുവാൻ ഇടവരരുതെന്ന ഉദ്ദേശം കൊണ്ടാണോ ?

ശ്രീ. കെ. കുഞ്ഞമ്പു : അവർക്ക് കൊടുത്തിട്ടുള്ള ലോൺ തിരിച്ചുകൊടുത്തിതിനുശേഷം ആവശ്യമായ പട്ടയം കൊടുക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

ശ്രീ. കെ. എം. ജോർജ്ജ് : എത്തെല്ലാം ആവശ്യങ്ങൾക്കാണ് അവർക്ക് ലോൺ കൊടുത്തിട്ടുള്ളതു് ?

ശ്രീ. കെ. കുഞ്ഞമ്പു : കൃഷിവാസ്തുയായും വീടു വയ്ക്കാനുള്ള വാസ്തുയായും, കന്നുകാലി വാസ്തുയായും ആണ് കൊടുത്തിട്ടുള്ളതു്. ഇങ്ങനെ 27 ലക്ഷം രൂപ വാസ്തുയായി അവർക്ക് കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ഹസ്സൻ ഗനി : കല്ലാർപട്ടം കോളനിയിൽ ചില ആളുകൾക്ക് കൊടുത്തിട്ടുള്ള സ്ഥലം മോശമാണെന്നും, അവർക്ക് വേറെ ഏതെങ്കിലും സ്ഥലം കൊടുക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അവർ സമർപ്പിച്ചിട്ടുള്ള നിവേദനത്തിന്മേൽ എന്തുനടപടി എടുത്തുവെന്നു പറയാമോ?

ശ്രീ. കെ. കുഞ്ഞമ്പു : കല്ലാർപട്ടം കോളനിയിൽ 516 ആളുകൾക്ക് 5 ഏക്കർ വീതം സ്ഥലം കൊടുത്തിരിക്കുകയാണ്. അതിൽ 139 പേർക്ക് കൊടുത്തിട്ടുള്ള സ്ഥലം മോശമാണെന്നും, അതിനവർക്ക് മറ്റു സ്ഥലം കൊടുക്കണമെന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ആ 139 വീട്ടുകാർക്ക് മറ്റു ഏതെങ്കിലും സ്ഥലം കൊടുക്കുവാൻ അവർക്ക് പറ്റിയ സ്ഥലം കണ്ടുപിടിക്കാനിക്കുവേണ്ടി റവന്യൂ ഡിപ്പാർട്ടുമെൻറിനോടും, ഫോറസ്റ്റ് ഡിപ്പാർട്ടുമെൻറിനോടും ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ ഏതെങ്കിലും സ്ഥലം കിട്ടുകയാണെങ്കിൽ ഈ 139 വീട്ടുകാർക്കു വേറെ സ്ഥലം കൊടുക്കുന്നകാര്യം അപ്പോൾ പരിഗണിക്കും.

വനം കയ്യേറ്റം.

* 299. [12] ശ്രീ. ടി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) 1960-നുശേഷം ഉണ്ടായിട്ടുള്ള വനം കയ്യേറ്റത്തിൽ എത്ര ഏക്കർ ഭൂമി കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുണ്ട്;

(ബി) കയ്യേറിയ ഭൂമികൾ തിരിച്ചുപിടിക്കുന്നതിനു് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതു്;

(സി) വനഭൂമിയിൽനിന്നും പതിച്ചുകൊടുക്കുന്നതിനും, കൃഷിചെയ്യുന്നതിനും എത്ര ഏക്കർവീതം ഭൂമി ഒഴിപ്പിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉദ്ദേശം 855 ഏക്കർ.

(ബി) കയ്യേറക്കാരുടെ പേരിൽ നിയമാനുസരണം കേസ്സുകൾ എടുത്തിട്ടുണ്ട്. കൂടാതെ കയ്യേറിയ ഭൂമികൾ പരിശോധിച്ചു വനസംരക്ഷണത്തിനാവശ്യമായ (ഗവണ്മെന്റു കരുതുന്ന) ഭൂമികൾ ഒഴിപ്പിച്ചെടുക്കുന്നതിനു വേണ്ടനടപടികളും എടുത്തുവരുന്നുണ്ട്.

(സി) ഈ ഇനത്തിൽപ്പെട്ട ഭൂമികൾ ഇല്ല.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: ഈയിടെ സംഘടിതമായ വനം കയ്യേറ്റം ഉണ്ടെന്നു റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്. അതു തടയുന്നതിനു എന്തെല്ലാം നടപടികളാണ് ഗവണ്മെന്റു എടുത്തിട്ടുള്ളതു; ആ നടപടികളുടെ വിശദരൂപം വെളിപ്പെടുത്തുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഏതു സ്ഥലത്തെ ഉദ്ദേശിച്ചാണ് പറയുന്നതെന്നു വെളിപ്പെടുത്തിയാൽ മറുപടി പറയാം.

ശ്രീ. എം. എം. മത്തായി: വനം കയ്യേറ്റം തടയുന്നതിനു ഫലപ്രദമായ നടപടികൾ ഗവണ്മെന്റു സ്വീകരിച്ചിട്ടുണ്ട്. പലപ്പോഴും ഈ വനം കയ്യേറ്റം നടക്കുന്നതു് ഫോറസ്റ്റിന്റെ ഉദ്യോഗസ്ഥന്മാരുടെ അറിവോടുകൂടിയാണ്. ഇതിനു കൂട്ടുനില്ക്കുന്ന ഫോറസ്റ്റിന്റെ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുന്നതിനു് നടപടിയെടുക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ചില സ്ഥലത്തു് വനം കയ്യേറ്റം നടന്നതിന്റെ ഫലമായി ചില ഫോറസ്റ്റിന്റെ ഉദ്യോഗസ്ഥന്മാരുടെമേൽ നടപടി എടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചുരുളി എന്ന സ്ഥലത്തു് ആയിരക്കണക്കിനു ആളുകൾ വനംകയ്യേറ്റം നടത്തുന്നുവെന്നും, പോലീസുകാർ അതുകണ്ടു് കയ്യുംകെട്ടി നില്ക്കുന്നുവെന്നും റിപ്പോർട്ടുണ്ടായിരുന്നു. ഇതുസംബന്ധിച്ചു ഗവണ്മെന്റു എന്തു നടപടിയാണെടുത്തിട്ടുള്ളതു്?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ഇതു സംബന്ധിച്ചു ഒരു അടിയന്തിര പ്രമേയത്തിനു നോട്ടീസു തന്നിട്ടുണ്ട്. വനം കയ്യേറ്റം ചെയ്തിട്ടുള്ളവരെ അവിടെനിന്നു ഇറക്കിവിടരുതെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടിട്ടുള്ളതു്. എന്നാൽ വളരെയേറെ വനം കയ്യേറ്റങ്ങളും അവിടെ നടക്കുന്നുണ്ടെന്നും അതിനെ തടയണമെന്നും പറയുന്നുണ്ട്. ഇങ്ങനെ പറയുന്നതിന്റെ പൊരുത്തം എന്താണെന്നു എനിക്കു് മനസ്സിലാകുന്നില്ല.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇപ്പോഴും ആയിരക്കണക്കിനാളുകൾ വനം കയ്യേറ്റം നടത്തുന്നുവെന്നും എന്നാൽ പോലീസ് അതിനെസംബന്ധിച്ചു നടപടിയൊന്നും എടുക്കുന്നില്ലെന്നും അറിയുന്നു. ഈ കയ്യേറ്റം തടയുന്നതിനു എന്തുനടപടിയാണ് ഗവണ്മെന്റു എടുത്തിട്ടുള്ളതു്?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അവിടെ വനംകയ്യേറ്റം തടയുന്നതിനു പോലീസ് ക്യാമ്പുചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ആയിരക്കണക്കിനാളുകൾ വനം കയ്യേറ്റം നടത്തുന്നുണ്ടെന്നു റിപ്പോർട്ടുണ്ടായിരുന്നു. അങ്ങനെ ഇപ്പോഴും കയ്യേറ്റം നടത്തുന്നുണ്ടോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ആ റിപ്പോർട്ടു ശരിയല്ല. വനം കയ്യേറ്റം നടത്തിയവരെ അധികം താമസിയാതെ അവിടെനിന്നും ഒഴിപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ട്.

ശ്രീ. എം. എം. സുന്ദരം: ഈ കഴിഞ്ഞ അയ്യപ്പൻകോവിലിൽ കുടിയിറക്കിനുശേഷം എത്ര ഏക്കർ സ്ഥലത്തു് കയ്യേറ്റം നടന്നുവെന്നും ഇനി എത്ര ഏക്കർ വനഭൂമിയായി ഗവണ്മെന്റിന്റെ കയ്യിൽ ഉണ്ടെന്നും പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗോവിന്ദൻ നായർ: അതിന്റെ വിശദവിവരമൊന്നും ഇപ്പോഴും കൈവശമില്ല.

ശ്രീ. സി. അച്യുതമേനോൻ: അണക്കെട്ടിന്റെ മുകളിൽ തൊട്ടടുത്തു തന്നെ ആളുകൾ കൈയേറ്റം നടത്തിയിട്ടുള്ളതിന്റെ ഫലമായി വളരെ അധികം മണ്ണിടിഞ്ഞു വീഴുന്നുണ്ടെന്നും, പീച്ചിയിൽ അണക്കെട്ടിനടുത്തു കൃഷി തുടങ്ങിയിട്ടുണ്ടെന്നും, പത്രങ്ങളിൽ കാണുകയുണ്ടായി. ഗവണ്മെന്റ് ഈ കാര്യം പരിശോധിച്ചു് അണക്കെട്ടിന്റെ തൊട്ടടുത്തുള്ള സ്ഥലങ്ങളിൽ നിന്നെങ്കിലും അടിയന്തിരമായി കൈയേറ്റക്കാരെ ഒഴിപ്പിക്കാനുള്ള ഫലപ്രദമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: പീച്ചിയെസംബന്ധിച്ചു് പ്രത്യേകമായി ചോദിച്ചാലേ മറുപടി പറയാൻ നിവൃത്തിയുള്ളു. പൊതുവെ പറയുകയാണെങ്കിൽ ഇങ്ങനെയുള്ള പ്രോജക്റ്റു് ഏരിയായിൽ നിന്നും ആളുകളെ മാറ്റാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടു്. അതിന്റെ ഫലമായിട്ടാണു് പന്നിയാറിൽനിന്നും പത്തുനൂറു് ആളുകളെ മാറ്റിയിട്ടുള്ളതു്. ഫാറസ്റ്റു് റിസർവേഷനു് ആവശ്യമായിട്ടുള്ളതു് ഒഴിപ്പിച്ചെടുക്കാനും അല്ലാത്തതു് പതിച്ചുകൊടുക്കാനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടു്.

ശ്രീമതി കുസുമം: ചുരുളിയിൽ ആയിരക്കണക്കിനാളുകൾ കൈയേറ്റം നടത്തുന്നു എന്നു പറയുന്നതു് കമ്മ്യൂണിസ്റ്റുപാർട്ടിയുടെ തന്ത്രമാണെന്നു മനസ്സിലാക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: ഇതെല്ലാം ചില പത്രറിപ്പോർട്ടുകളാണു്.

ശ്രീ. സി. അച്യുതമേനോൻ: പന്നിയാറിലെ ഒഴിപ്പിക്കലിനെപ്പറ്റി മന്ത്രി പറഞ്ഞു. പീച്ചി, മലമ്പുഴ എന്നീ അണക്കെട്ടുകളിൽ മണ്ണിടിഞ്ഞു വീണു് വെട്ടിനീക്കാൻപോലും സാധിക്കാത്ത നിലയാണു് ഉണ്ടായിരിക്കുന്നതെന്നു പത്രങ്ങളിൽ കാണുകയുണ്ടായി. ഗവണ്മെന്റു് ഇതിന്റെ അടുത്തുള്ള സ്ഥലം പതിച്ചുകൊടുത്തിട്ടുണ്ടു്. ഈ കൈയേറ്റം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: മലമ്പുഴ പതിച്ചുകൊടുത്തതു് പ്രോജക്റ്റു് ഏരിയാ വിട്ടാണു്. പീച്ചിയെ സംബന്ധിച്ചുള്ള പത്രറിപ്പോർട്ടും ഞാനും കാണുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടു് ആവശ്യപ്പെട്ടിരിക്കുകയാണു്.

പ്ലാന്റേഷൻ കോർപ്പറേഷൻ.

* 300. [13] ശ്രീ. എൻ. എസ്സു്. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവും കൃഷിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ മൂലധനം എത്രയാണു്;

(ബി) അതിന്റെ കീഴിൽ എത്രയായിരം ഏക്കർ സ്ഥലത്തു് കൃഷി നടത്തിയിട്ടുണ്ടു്;

(സി) ഏതെല്ലാം ഇനം കൃഷി; ഓരോന്നും എത്ര ഏക്കർ വീതം;

(ഡി) ഈ കൃഷികളിൽനിന്നും ആദായം കിട്ടിത്തുടങ്ങിയോ; ഇല്ലെങ്കിൽ ഏതാണ്ടുമുതൽ കിട്ടിത്തുടങ്ങും; എന്താദായം പ്രതിവർഷം കിട്ടുമെന്നു പ്രതീക്ഷിക്കുന്നു;

(ഇ) ഒരേക്കർ സ്ഥലത്തു് റബ്ബർകൃഷി ചെയ്യുന്നതിനു് ശരാശരി എന്തു ചെലവു വന്നിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly